LIBRARY ARCHIVES Kerala Legislative Assembly

വനഭൂമി പതിച്ചു നല്കാൻ ഉത്തരവ്

98 (*T 2722) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെയോ പരിസ്ഥിതി മന്ത്രാലയത്തിന്റെയോ അനുമതിയില്ലാതെ വനഭൂമി പതിച്ചുനല്കാൻ റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ടോ;

(ബി) എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിൽ ജണ്ടയിട്ട് സുരക്ഷിതമാക്കിയ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രത്തിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതിയില്ലാതെ പട്ടയം നല്കാൻ ഉത്തരവ് ഇറക്കിയവരുടെ മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

ക്വാറി ഉടമകൾക്ക് ഇ-പാസ് അനുവദിക്കൽ

99 (2723) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുകടത്തുമായി ബന്ധപ്പെട്ട് ക്വാറി ഉടമകൾക്ക് ഇ-പാസ്; അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇ-പാസ് അനുവദിക്കുന്ന കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) മിനറൽ ട്രാൻസിറ്റ് പാസ് നൽകുന്ന നടപടി റവന്യൂ വകുപ്പിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്നില്ല. ധാതു കടത്തുമായി ബന്ധപ്പെട്ട് ക്വാറി ഉടമകൾക്ക് ഇ-പാസ് അനുവദിക്കുന്നതിനുള്ള നടപടി മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസ് മുഖേന സ്വീകരിച്ചുവരുന്നു.

---

* T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) National Informatics Centre വികസിപ്പിച്ചെടുത്ത Software Kompas ഉപയോഗിച്ച് ഓൺലൈനായി ഇ-പാസ് നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. നിലവിൽ ജിയോളജി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.portal.dmg.gov.in എന്ന സൈറ്റിൽ ഇ-പാസ് സംബന്ധിച്ച് ഡെമോസൈറ്റ് പ്രവർത്തിച്ചുവരുന്നു. ഇ-പാസ് 1-4-2016-മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ജിയോളജി വകുപ്പിൽ സ്വീകരിച്ച് വരുന്നതായി അറിയുന്നു.

റവന്യൂ പ്രവർത്തനങ്ങൾക്കുവേണ്ടി കർമ്മപദ്ധതി

100 (2724) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, ഇ-ഡിസ്ട്രിക്ട് പദ്ധതി, ഓൺലൈൻ പോക്കുവരവ് സംവിധാനം, വില്ലേജ് ഓഫീസ് താലൂക്ക് രൂപീകരണം, വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം. (SMART വില്ലേജ് പദ്ധതി), പൂഴ മുതൽ പുഴവരെ, ഓൺലൈൻ Land Tax സംവിധാനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) (1) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി:—ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുന്ന പദ്ധതിയാണിത്.

(2) ഇ-ഡിസ്ട്രിക്ട് പദ്ധതി:—പൊതുജനങ്ങൾക്ക് വിരൽ തുമ്പിൽ സേവനം എത്തിക്കുക എന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly